ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ
പത്രക്കുറിപ്പ്
2019 ഡിസംബർ 26 വ്യാഴം

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# സംസ്ഥാനത്ത് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ജനുവരി ഒന്നു മുതൽ

ജനുവരി ഒന്ന് മുതൽ സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തി. വ്യക്തികളോ, കമ്പനികളോ, സ്ഥാപനങ്ങളോ, വ്യവസായ സംരംഭകരോ ഒറ്റത്തവണ ഉപഭോഗ പ്ലാസ്റ്റിക് സാധനങ്ങൾ നിർമ്മിക്കുകയോ, സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ കൊണ്ടുപോവുകയോ പാടില്ല. പ്ലാസ്റ്റിക് ക്യാരിബാഗ്(കനം നോക്കാതെ) ടേബിളിൽ വിരിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്, കിംഗ് ഫിലിം, പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുള്ള അലങ്കാരവസ്തുക്കൾ, ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോ, ഡിഷുകൾ, സ്റ്റിറർ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരിബാഗുകൾ, നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബിംഗ്, പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ, പി.ഇ.ടി/പി.ഇ.ടി.ഇ ബോട്ടിലുകൾ(300 എം.ൽ കപ്പാസിറ്റിക്ക് താഴെ) ഗാർബേജ് ബാഗ്(പ്ലാസ്റ്റിക്), പി.വി.സി ഫ്ളക്സ് മെറ്റീരിയലുകൾ, പ്ലാസ്റ്റിക് പാക്കറ്റുകൾ എന്നിവയ്ക്കാണ് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്.

പ്ലാസ്റ്റിക് വ്യവസായത്തിൽ കയറ്റ്മതിക്കായി നിർമ്മിച്ച പ്ലാസ്റ്റിക് വസ്തുക്കൾ, ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ, കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ച പ്ലാസ്റ്റിക് വസ്തുക്കൾ (2016ലെ പ്ലാസ്റ്റിക് വേയ്സ്റ്റ് മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ് റൂൾ അനുസരിച്ച് ഐ.എസ്.ഒ.17088: 2008 ലേബൽ പതിച്ചവയ്ക്ക്)എന്നിവയ്ക്ക് നിരോധനം ബാധകമല്ല.

ജില്ലാ കളക്ടർമാർ, സബ് ഡിവിഷിണൽ മജിസ്ട്രേട്ട്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ച ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമം സെക്ഷൻ 19 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ തുടങ്ങിയവർ ഉത്തരവ് പാലിക്കപ്പെടുന്നുാ എന്ന കാര്യം കർശന നിരീക്ഷണത്തിന് വിധേയമാകേതും ലംഘിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കേതുമാണ്. നിയമലംഘകരിൽ നിന്നും അത്തരം വസ്തുക്കൾ ക്കെട്ടണം. ആദ്യഘട്ടത്തിൽ പതിനായിരം രൂപയും രാംഘട്ടത്തിൽ 25000 രൂപയും തുടർന്നുള്ള നിയമലംഘനത്തിന് അമ്പതിനായിരം രൂപയും പിഴ ചുമത്തണം. മൂന്ന് തവണ നിയമലംഘനം നടത്തുന്ന സ്ഥാപനത്തിന്റെ നിർമ്മാണ/പ്രവർത്തനാനുമതി റദ്ദാക്കണം. സബ്ഡിവിഷണൽ മജിസ്ട്രേട്ട്, തദ്ദേശ സ്വയം ഭരണ സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ എന്നിവർക്ക് ഇതിനധികാരം ഉായിരിക്കും.

എക്സ്റ്റന്റ്, പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി പ്ലാൻ പ്രകാരം വിൽക്കുന്ന പ്ലാസ്റ്റിക് കുപ്പികളും, കവറുകളും ഇതര ഉല്പ്പന്നങ്ങളും തിരികെ നൽകുന്നവർക്ക് നിശ്ചിത തുക നൽകി പ്രോത്സാഹിപ്പി

ക്കാൻ കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷൻ, കേരാഫെഡ്, മിൽമ, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. വ്യവസായ പാർക്കുകളിൽ 5 ശതമാനം ഭൂമി മാലിന്യ സംസ്‌ക്കരണ പുന ചംക്രമണത്തിനായി കർശനമായും മാറ്റിവെക്കണം. ബയോ ഡീഗ്രേഡബിൾ ബാഗുകൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകളെ വ്യവസായ വകുപ്പ് പ്രോത്സാഹിപ്പിക്കണം. ഈ ഉത്തരവ് പൊതുജനങ്ങളിലെത്തിക്കുവാൻ മലിനീകരണ നിയന്ത്രണബോർഡിനെ ചുമതലപ്പെടുത്തിയതായി ഉത്തരവിൽ പറയുന്നു.

## ആനയെ പരിചരിക്കുന്നില്ലെന്ന വാർത്ത വസ്തുതാവിരുദ്ധം ചീഫ് വൈൽഡ് ലൈഫ് വാർഡൻ

വനംവകുപ്പിന്റെ പരിചരണത്തിൽ കഴിയുന്ന ശാസ്താംകോട്ട നീലകണ്ഠൻ എന്ന ആനയ്ക്ക് വനംവകുപ്പ് മതിയായ പരിചരണം നൽകുന്നില്ലെന്ന് ചില മാധ്യമങ്ങളിൽ വന്ന വാർത്ത വസ്തുതാ വിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ അറിയിച്ചു. ഇപ്പോൾ കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ വനംവകുപ്പിന്റെ പരിചരണത്തിൽ കഴിയുന്ന നീലകണ്ഠൻ മതിയായ ഭക്ഷണവും വെള്ളവും മരുന്നു കഴിക്കുന്നു. ഇടതു കാലിന്റെ ആരോഗ്യക്കുറവുമൂലം ആന കിടന്നു പോകുന്ന സാഹചര്യത്തിൽ അതിന് ശയ്യാവ്രണങ്ങളും മറ്റ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും ഉാകാതിരിക്കുന്നതിന് ക്രെയിൻ ഉപയോഗിച്ച് ഉയർത്തുകയും സ്ലിങ്ങ്കളുടെ സഹായത്തോടെ താങ്ങി നിർത്തി ആവശ്യമായ ഭക്ഷണവും മരുന്നും നൽകി വരികയുമാണ് ചെയ്യുന്നത്.

ഇപ്പോൾ 27 വയസ്സായ ആന ദേവസ്വം ബോർഡിന്റെ കൈവശത്തിലായിരിക്കേ നേരിടേവന്ന പീഡനങ്ങളുടെയും ചികിത്സാപ്പിഴവിന്റെയും ഫലമായാണ് ഇടതുകാലിന്റെ അസ്ഥി ഭ്രംശം സംഭവിച്ച് സ്ഥിരമായി ബലക്കുറവ് ഉായത്. അവിടെ ആനക്ക് മതിയായ പരിചരണം ലഭിക്കുന്നില്ലെന്ന് കു ഹൈക്കോടതിയാണ് ദേവസ്വം ബോർഡിന്റെ കസ്റ്റഡിയിൽ നിന്നും നീലകണ്ഠനെ വനംവകുപ്പിന്റെ ആന പുനരധിവാസ കേന്ദ്രത്തിലേക്ക് മാറ്റാൻ ഉത്തരവിട്ടത്.

വനം വകുപ്പ് ഏറ്റെടുത്ത സമയത്ത് ആനയുടെ ഉള്ളംകാലിലുായിരുന്ന വ്രണങ്ങൾ ചികിത്സിച്ചു ഭേദമാക്കുന്നതിനും അതിനു മതിയായ ഭക്ഷണവും വെള്ളവും നൽകുന്നതിനുമാണ് വകുപ്പ് മുൻഗണന നൽകിയത്. കൃത്യമായ പരിചരണവും ചികിത്സയും ആനയുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തിയെങ്കിലും അസ്ഥി ഭ്രംശം സംഭവിച്ച ഇടതുകാലിലെ സ്ഥിതിയിൽ പുരോഗതിയുായില്ല. ഇത് ചികിത്സിച്ച് ഭേദമാക്കുന്നതിന് പരിമിതികളുന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഗജ പരിപാലന രംഗത്തെ വിദഗ്ധരായ ഡോക്ടർമാരെ ഉൾക്കൊള്ളിച്ചുകൊള്ള സമിതിയാണ് ശാസ്താംകോട്ട നീലകണ്ഠന്റെ ചികിത്സ പുരോഗതിവിലയിരുത്തി തുടർ നിർദ്ദേശങ്ങൾ നൽകി വരുന്നത്. സമിതിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് ആനയുടെ പരിചരണവും ചികിത്സയും ക്രമീകരിക്കുന്നതെന്നും ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചു.

## അവലോകനയോഗം ജനു.4ന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതിയുടെ അവലോകനയോഗം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീന്റെ അദ്ധ്യക്ഷതയിൽ ജനുവരി നാലിന് ടൗൺഹാളിൽ ചേരും.

## വാക്ക് ഇൻ ഇന്റർവ്യൂ

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ തുടങ്ങുന്ന ഹോം ഫോർ മെന്റൽ ഹെൽത്തിലേക്ക് ജീവനക്കാരെ വാക്ക് ഇൻ ഇന്റർവ്യൂവിന് ക്ഷണിച്ചു. ഫുൾടൈം റസിഡന്റ് വാർഡൻ, പാർടൈം സൈക്യട്രിസ്റ്റ്, പാർടൈം സൈക്കോളജിസ്റ്റ് തസ്തികകളിലാണ് നിയമനം. ഫുൾടൈം റസിഡന്റ് വാർഡൻ തസ്തികയ്ക്ക് യോഗ്യതകൾ- ബിരുദം. പ്രായപരിധി 30നും 50നും മധ്യേ. പ്രതിമാസ ശമ്പളം 13000 രൂപ. പാർടൈം സൈക്യാട്രിസ്റ്റ് എം.ഡി.സൈക്യാട്രി. പ്രായപരിധി ബാധകമല്ല. പ്രതിമാസ ശമ്പളം 40,000രൂപ. സിറ്റിംഗിന് 5000 വീതം. മാസം 8 സിറ്റിംഗ്. സൈക്കോളജിസ്റ്റിന് എം.എസ്.ഡബ്ല്യു/എം.എ സൈക്കോളജി , പ്രായം 25നും 40നും മധ്യേ. ശമ്പളം പ്രതിമാസം 7000 രൂപ. പ്രവർത്തി പരിചയം അഭികാമ്യം. താല്പര്യമുള്ള വർ ജനുവരി 3ന് രാവിലെ 10ന് വയസ്സും യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ ഹാജരാകണം.

## തീരദേശ പരിപാലനം: പട്ടിക പ്രസിദ്ധീകരിച്ചു

ജില്ലയിൽ തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട് നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സമർപ്പിച്ച മൂന്നാംഘട്ട പട്ടിക തീരദേശ ജില്ലാ കമ്മിറ്റി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത് ജില്ലാ കളക്ടറുടെ thrissur.nic.in/collectorate/എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു. പട്ടികയിൽ ഉൾപ്പെട്ട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലുംതരത്തിലുള്ള ആക്ഷേപങ്ങൾ ഉങ്കെിൽ ബന്ധപ്പെട്ട കെട്ടിട ഉടമകൾ രേഖകൾ സഹിതം ഡിസംബർ 31ന് 5 മണിക്കകം ജില്ലാ ടൗൺപ്ലാനറുടെ ഓഫീസിൽ നേരിട്ടോ tsrcoll.ker@nic.in, tcpdtsr@gmail.com എന്നീ ഇ-മെയിലുകളിലോ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0487-2363003.

## അപേക്ഷ ക്ഷണിച്ചു

ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിക്കുന്ന സ്കൂളുകൾക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്കൂളുകളാവണം അപേക്ഷിക്കേ ത്. അപേക്ഷ ഡിസം.30ന് വൈകീട്ട് 4നു മുമ്പ് supdtm.dge@kerala.gov.in, msndpi@gmail.com എന്നിവയിലേയ്ക്ക് മെയിൽ ചെയ്യണമെന്നും ഹാർഡ് കോപ്പി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് അയക്കണമെന്നും വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

## മുസിരിസ് ബാക്ക് വാട്ടർ പാഡിൽ ജനുവരി 4,5 തിയ്യതികളിൽ

സംസ്ഥാന ടൂറിസം വകുപ്പിന്റെ മുസിരിസ് പൈതൃക പദ്ധതിയും ജെല്ലി ഫിഷ് വാട്ടർ സ്പോർട്സും ചേർന്ന് മുസിരിസ് ബാക്ക് വാട്ടർ പാഡിൽ 2020 സംഘടിപ്പിക്കുന്നു. ജനുവരി 4, 5 തീയതികളിലായി കൊടുങ്ങല്ലൂർ കോട്ടപ്പുറം ബോട്ട് ജെട്ടിയിൽ നിന്നും ആരംഭിച്ച് കൊച്ചി ബോൾഗാട്ടിയിൽ അവസാനിക്കുന്ന രീതിയിലാണ് പാഡിൽ സംഘടിപ്പിച്ചിരിക്കുന്നത്. 40 കിലോമീറ്റർ ദൂരം ര് ദിവസം കൊ് പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. കയാക്കിംഗ്, സെയ്ലിംഗ്, കനോയിങ് തുടങ്ങിയ വാട്ടർ സ്പോർട്സ് മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. ഓരോ രംഗത്തെയും വിദഗ്ദർ പങ്കെടുക്കും. പ്രാദേശിക-അന്തർദേശീയ വിനോദസഞ്ചാരികൾ, ഏത് പ്രായത്തിലുമുള്ള വാട്ടർ സ്പോർട്സ് പ്രേമികൾ, മുതിർന്ന പൗരന്മാർ, വിദ്യാർഥികൾ, തുടങ്ങി നീന്തൽ അറിയാത്തവർക്കും ഇതിൽ പങ്കുചേരാം. പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകും. നമ്മുടെ ജലവിതാനങ്ങൾ വൃത്തിയായി സൂക്ഷിക്കുക, പ്ലാസ്റ്റിക്ക് വേസ്റ്റുകൾക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **www.jellyfishwatersports.com** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

നൂറിലധികം പേർ പങ്കെടുക്കുന്ന യാത്രയിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങൾ സന്ദർശിക്കാൻ കഴിയുന്ന രീതിയിലാണ് പാഡിൽ. വിവിധ വിനോദ പരിപാടികളും ജനസമൂഹവുമായി ചേർന്നുള്ള ഇടപെടലുകളും യാത്രയിലുടനീളം സംഘടിപ്പിച്ചിട്ടു. പ് ദക്ഷിണേന്ത്യയെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന പ്രധാന തുറമുഖമായിരുന്ന കൊടുങ്ങല്ലൂർ സ്പൈസസ് റൂട്ടിന്റെ പ്രധാന കേന്ദ്രവുമായിരുന്നു. 3000 വർഷങ്ങൾക്ക് മുമ്പ് നിലനിന്നിരുന്ന സാംസ്കാരിക പൈതൃകത്തിന്റെ കാഴ്ചകൾ കാണാനുള്ള അവസരവും യാത്രക്കാർക്ക് നൽകും.

## പട്ടയമേള ജനുവരി 6ന്: 2080 പട്ടയങ്ങൾ വിതരണം ചെയ്യും

ജില്ലയിൽ പട്ടയമേള ജനുവരി ആറിന് നടത്താൻ ആലോചിക്കുന്നതായി ജില്ലാ കളക്ടർ എസ് ഷാനവാസ്. പട്ടയവിതരണ നടപടികളുടെ പുരോഗതി വിലയിരുത്താനായി കലക്ടറേറ്റ് ചേംബറിൽ ചേർന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. 2080 പട്ടയങ്ങളാണ് ഇത്തവണ വിതരണം ചെയ്യുന്നത്. പൂർത്തിയാകാത്ത അപേക്ഷകളിൽ അടിയന്തിര നടപടികൾ സ്വീകരിക്കും. ഇതിനാവശ്യമായ സൗകര്യങ്ങളൊരുക്കും. ഉദ്യോഗസ്ഥരെ അനുവദിക്കും. കളക്ടർ അറിയിച്ചു. യോഗത്തിൽ എ ഡി എം റെജി പി ജോസഫ്, തഹസിൽദാർമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# കളിപ്പാട്ടങ്ങൾ വിതരണം ചെയ്തു

കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികൾക്ക് കളിപ്പാട്ടങ്ങൾ വിതരണം ചെയ്തു. പഞ്ചായത്തിലെ 33 അങ്കണവാടികൾക്കാണ് കളിയുപകരണങ്ങൾ വിതരണം ചെയ്തത്. ഒരു ലക്ഷം രൂപയാണ് പദ്ധതി വിഹിതം. പഞ്ചായത്ത് അങ്കണത്തിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് ടി.വി.സുരേഷ് ബാബു വിതരണോദ്ഘാടനം നിർവ്വഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ലത ഭരതൻ അധ്യക്ഷത വഹിച്ചു. ഐ.സി.ഡി.എസ് സൂപ്പർവൈസർ സി.വി.ഓമന, പഞ്ചായത്തംഗം കെ.എസ്.സിന്ധു തുടങ്ങിയവർ സംസാരിച്ചു.

# വലയ സൂര്യഗ്രഹണം ആസ്വദിച്ച് വിജ്ഞാൻ സാഗറിൽ ആയിരങ്ങൾ

അപൂർവ ആകാശ വിസ്മയമായ വലയ സൂര്യഗ്രഹണം ആസ്വദിക്കാൻ രാമവർമപുരത്തുള്ള വിജ്ഞാൻ സാഗറിൽ ആയിരത്തോളം പേർ എത്തി. ജില്ലാ കളക്ടർ എസ് ഷാനവാസ് ഗ്രഹണ കാഴ്ചക്ക് നേതൃത്വം നൽകി. പ്രത്യേകം തയ്യാറാക്കിയ സൗരകണ്ണട വെച്ച് വളരെ സുരക്ഷിതമായാണ് വലയ ഗ്രഹണത്തെ വരവേറ്റത്. തൃശൂർ ജില്ലാ പഞ്ചായത്ത് സംരംഭമായ വിജ്ഞാൻ സാഗറിൽ ശാസ്ത്ര സാങ്കേതിക പാർക്കും കേരള ശാസ്ത്ര സാഹിത്യ പരിഷത്തും സംയുക്തമായാണ് ഗ്രഹണം കാണാൻ സൗകര്യമൊരുക്കിയത്. ഡയറ്റിലെ അധ്യാപകരും, വിദ്യാർത്ഥികളും അടക്കം ആയിരത്തിലധികം ആളുകൾ എത്തിയിരുന്നു. രാവിലെ 8.10 മുതൽ 9.30 വരെ നിരീക്ഷണവും തുടർന്ന് ഗ്രഹണത്തെ കുറിച്ച് വിദഗ്ദ്ധരുടെ ക്ലാസും നടന്നു. പിൻ ഹോൾ ക്യാമറ യും ടെലിസ്കോപ്പും സജ്ജമാക്കിയിരുന്നു. തൃശൂർ കോർപ്പറേഷൻ മേയർ അജിതാ വിജയൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയ പ്രകാശ്, എം പദ്മിനി ടീച്ചർ, ജെന്നി ജോസഫ്, ടി ജി ശങ്കരനാരായണൻ, പി ആർ സുരേഷ് ബാബു, വിജ്ഞാൻ സാഗർ പാർക്ക് ഡയറക്ടർ ഡോ ഡയസ് എന്നിവർ പങ്കെടുത്തു.

# ദ്വിദിന സഹവാസ ക്യാമ്പ് ഇന്നു മുതൽ

മതിലകം ബി ആർ സി യുടെ നേതൃത്വത്തിൽ ദ്വിദിന സഹവാസ ക്യാമ്പ് ഇന്നു തുടങ്ങും. എ.എം.യു.പി സ്കൂളിൽ രാവിലെ 10 മുതലാണ് ക്യാമ്പ് ആരംഭിക്കുക. സംസ്ഥാന സർക്കാരിന്റെ സമഗ്ര ശിക്ഷാ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ക്യാമ്പ് നാളെ(ഡിസം.28)സമാപിക്കും. നാല് ഗ്രൂപ്പുകളായി തിരിഞ്ഞാണ് പ്രവർത്തനങ്ങൾ നടക്കുക. യോഗ, സൂംബ, നാടക കളരി, ക്യാമ്പ് ഫയർ, കാർണിവൽ സന്ദർശനം തുടങ്ങി പ്രവർത്തനങ്ങളാണ് ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്. മതിലകം പഞ്ചായത്ത് പ്രസിഡന്റ് ഇ ജി സുരേന്ദ്രൻ, ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ടി എസ് സജീവൻ, കൊടുങ്ങല്ലൂർ എ ഇ ഒ എം വി ദിനകരൻ, വലപ്പാട് എ ഇ ഒ ടി ഡി അനിതകുമാരി എന്നിവർ പങ്കെടുക്കും.

# ലിഫ്റ്റ് കോഴ്സ്

ൌ പ്ലയ്സ് മെന്റ് സപ്പോർട്ടോടു കൂടി കുഴൽമന്ദം ഗവ. ഐ.ടി.ഐയിൽ നടന്നുവരുന്ന പ്രാക്ടിക്കൽ ഓറിയന്റഡ് ത്രൈമാസ ലിഫ്റ്റ് ഇറക്ടർ കോഴ്സിന്റെ അടുത്ത ബാച്ചിലേക്കുള്ള പ്രവേശനം തുടങ്ങി. യോഗ്യത -എസ്.എസ്.എൽ.സി കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9061899611.

# ക്വട്ടേഷൻ

മോട്ടോർ വാഹന വകുപ്പ്-സേഫ് കേരള പദ്ധതിയുടെ ഔദ്യോഗിക ആവശ്യത്തിനായി(SUV,5-7 Seater)വാഹന ഇനത്തിൽപ്പെട്ട നാലു വാഹനങ്ങൾ മാസ വാടക വ്യവസ്ഥയിൽ ആവശ്യമു്. വാടക വ്യവ സ്ഥയിൽ കരാർ നൽകുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ക്വട്ടേഷനുകൾ ജനുവരി 10 ന് 5 മണിക്കു മുമ്പ് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ മദ്ധ്യമേഖല-1ന്റെ കാര്യാലയത്തിൽ എത്തിക്കണം.

വിശദവിവരങ്ങൾക്ക് ഫോൺ:0487-2360450.

## ആർദ്രം ജനകീയ ക്യാമ്പയിൻ ഡിസം. 28മുതൽ

ആർദ്രം ജനകീയ ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനവും ഔദ്യോഗിക പ്രഖ്യാപനവും ഡിസംബർ.28നു വൈകീട്ട് 3 ന് ജില്ലാ ആസൂത്രണസമിതി ഹാളിൽ നടക്കും. ആരോഗ്യരംഗത്തെ എല്ലാതലത്തിലും ജനസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് ആർദ്രം ദൗത്യം ആരംഭിച്ചത്. ആരോഗ്യകരമായ ജീവിത ശൈലി, ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വ്യായാമം ,ലഹരിക്കെതിരെ ബോധവത്ക്കരണം, ശുചിത്വ പരിപാലനം, ശരിയായ രീതിയിലുള്ള മാലിന്യ സംസ്ക്കരണം എന്നിവ ജനങ്ങൾക്കിടയിൽ വളർത്തിയെടുക്കുക എന്നതാണ് ആർദ്രം ജനകീയ ക്യാംപയിന്റെ ഉദ്ദേശം. ആരോഗ്യകരമായ ജീവിതശൈലി രൂപീകരിക്കുന്നതിനുള്ള സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ജനങ്ങളുടെ ജീവിതശൈലി മാറ്റിയെടുക്കുന്നതിനും ഉദ്ദേശിച്ചുള്ള ജനകീയ ക്യാംപയിനാണിത്. ഈ ക്യാംപയിനിന്റെ ഭാഗമായി ജില്ലയിൽ ഉടനീളം വിവിധ തരത്തിലുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## ജലവിതരണം തടസ്സപ്പെടും

പീച്ചി ജലശുദ്ധീകരണശാലയിൽ ശുദ്ധീകരണ പ്രവൃത്തികൾ നടക്കുന്നതിനാൽ ഡിസം. 30ന്(തിങ്കൾ) ശുദ്ധജല വിതരണം പൂർണ്ണമായും തടസ്സപ്പെടും. ഉപഭോക്താക്കൾ ആവശ്യമുള്ള ശുദ്ധജലം വരും ദിവസങ്ങളിൽ ശേഖരിച്ചു വെക്കണമെന്ന് കേരള ജല അതോറിറ്റി അസി. എക്സി.എഞ്ചിനീയർ അറിയിച്ചു.

## കരിമ്പുഴ വന്യജീവി സങ്കേതം യാഥാർത്ഥ്യമായി; ചോലനായ്ക്ക കോളനി ഒഴിവാക്കി

സംസ്ഥാനത്ത് പുതിയ ഒരു വന്യജീവി സങ്കേതം കൂടിനിലവിൽ വന്നു. മലപ്പുറം ജില്ലയിലെ ന്യൂ അമരമ്പലം സംരക്ഷിതവനവും വടക്കേകോട്ട മലവാരം നിക്ഷിപ്തവനവും അടങ്ങുന്ന നീലഗിരി ബയോസ്ഫിയറിലെ 227.97 ച കി മീ ഭൂഭാഗമാണ് കരിമ്പുഴ വന്യസങ്കേതമാക്കി സർക്കാർ വിജ്ഞാപനം ഇറക്കിയത്. എന്നാൽ ഏഷ്യയിലെ അതി പുരാതന ഗോത്രവർഗമായ ചോലനായ്ക്കർ താമസിക്കുന്ന മാഞ്ചീരി കോളനി വന്യജീവി സങ്കേതത്തിൽ നിന്നും ഒഴിവാക്കി. ന്യൂ അമരമ്പലം സംരക്ഷിതവനത്തിന്റെ ഉൾഭാഗത്തുള്ള 2.50 ഹെക്ടർ ഭൂമിയാണ് വന്യജീവി സങ്കേതത്തിൽ നിന്നും ഒഴിവാക്കിയത്. ഇവിടെ പട്ടികവർഗ ഗോത്രവർഗങ്ങൾക്കും പരമ്പരാഗത വനവാസികൾക്കുമുള്ള കേന്ദ്ര സംസ്ഥാന നിയമങ്ങൾ അനുസരിച്ചുള്ള അവകാശങ്ങൾ വിനിയോഗിക്കുന്നതിന് ചോലനായ്ക്കർക്ക് അധികാരമുായിരിക്കുമെന്നും സർക്കാർ വിജ്ഞാപനത്തിൽ പറയുന്നു.

കരിമ്പുഴ വന്യജീവി സങ്കേതം യാഥാർത്ഥ്യമായതോടെ കേരളത്തിൽ 18 വന്യജീവി സങ്കേതങ്ങളായി. നിലമ്പൂർ താലൂക്കിലെ കരുളായി, മൂത്തേടം, അമരമ്പലം താലൂക്കുകളിലായി വരുന്ന ഈ വനപ്രദേശം പശ്ചിമഘട്ടത്തിൽ പ്രത്യേകമായി കാണുന്ന 226 ഇനം പക്ഷികൾക്കും 23 ഇനം ഉഭയ ജീവികൾക്കും 33 ഇനം ഉരഗങ്ങൾക്കും 41 ഇനം സസ്തനികൾക്കും വിവിധ തരത്തിലുള്ള ചിത്രശലഭങ്ങൾക്കും ചെറു ജീവികൾക്കുമുള്ള ആവാസകേന്ദ്രമാണ്. മടക്ക് പർവ്വതങ്ങളും അഗാധ താഴ്‌വരകളും പരുക്കൻ ഭൂപ്രദേശവും തെന്നിന്ത്യയിലെ പ്രധാന സസ്യജാലങ്ങളുടെ മേളനത്തിന് പര്യാപ്തമാക്കുന്ന ഒന്നാണ്. താഴ്‌വരയിൽ നിന്ന് ഉയരത്തിലേക്ക് 40 മീറ്ററിൽ നിന്ന് 2554 മീറ്ററിലേക്കുള്ള ഈ പ്രദേശത്തിന്റെ കുത്തനെയുള്ള ചെരിവ് പക്ഷിമൃഗാദികൾക്ക് വാസസ്ഥലമാക്കാൻ പര്യാപ്തമായ പ്രത്യേകതയാണ്. ഈ പ്രദേശത്തിന്റെ ഭൗമോപരിതലത്തിന്റെ പ്രത്യേകതയും അപൂർവ്വസസ്യജന്തുജാലങ്ങളുടെ സാന്നിധ്യവും സംബന്ധിച്ച് നടന്ന ഒട്ടേറെ പഠനങ്ങൾ ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യം വെളിപ്പെടുത്തുന്നവയും അതിന്റെ ദീർഘകാല സംരക്ഷണം ഉറപ്പാക്കണമെന്ന് ആവശ്യപ്പെടുന്നവയുമായിരുന്നു. മാഞ്ചീരി കോളനിക്കു പുറമേ ന്യൂ അമരമ്പലം ഫോറസ്റ്റിലെ തേക്ക് തോട്ടങ്ങളെയും വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ട്.

## തോളൂർ ഗ്രാമപഞ്ചായത്തിൽ നാട്ടറിവ് നാട്ടുത്സവം തുടങ്ങി

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിലെ തോളൂർ ഗ്രാമപഞ്ചായത്തിൽ നാലാമത് നാട്ടറിവ് നാട്ടുത്സവത്തിന് തുടക്കമായി. പ്രദർശന വിപണന സാംസ്കാരിക വിവര വിനിമയ മേളയായാണ് പറപ്പൂർ സർവീസ് സഹകരണ ബാങ്ക് പരിസരത്തു നാട്ടറിവ് നാട്ടുത്സവം സംഘടിപ്പിക്കുന്നത്. ഡിസംബർ 31 നു സമാപിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. തോളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധാ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. മുതിർന്നവരെ ആദരിക്കുന്ന സമ്മേളനം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി വി കുരിയാക്കോസ് ഉദ്ഘാടനം ചെയ്തു. തുടർന്ന് എസ് എസ് എൽ സി, പ്ലസ്ടു അവാർഡ് ദാനം, വ്യാപാരി വ്യവസായി സംഗമം എന്നിവ നടന്നു. ഡിസംബർ 26ന് ഭക്ഷ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി ആശുപത്രി മൃഗസംരക്ഷണ മേഖലയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ക്ഷീര കർഷക സംഗമവും നടന്നു.

ഇന്ന് (ഡിസം.27) രാവിലെ 10 ന് തൊഴിലാളി സംഗമം, വൈകീട്ട് മൂന്നിന് പട്ടികജാതി സംഗമം, രാത്രി ഏഴിന് നാടകം എന്നിവയുമാകും. ശനിയാഴ്ച രാവിലെ 10 ന് ബാല-വയോജന സംഗമവും വൈകീട്ട് മൂന്നിന് സഹകാരി സംഗമവും രാത്രി ഏഴിന് ഗാനമേളയും അരങ്ങേറും. ഞായറാഴ്ച രാവിലെ 10 മുതൽ അങ്കണവാടി കൂട്ടായ്മ, ഭിന്നശേഷി കുടുംബസംഗമം, പാലിയേറ്റീവ് കുടുംബസംഗമം, കലാസാംസ്കാരിക സന്ധ്യ എന്നിവ ഉാകും.

തിങ്കളാഴ്ച (ഡിസം.30) രാവിലെ 10 ന് തോളൂർ ഗ്രാമ പഞ്ചായത്ത് കൃഷിഭവൻ പരിസരത്ത് കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവഹിക്കും. നവീകരിച്ച കൃഷിഭവന്റേയും പരിശീലന കേന്ദ്രത്തിന്റേയും ഉദ്ഘാടനം ഗവ. ചീഫ് വിപ്പ് കെ രാജൻ നിർവഹിക്കും. അനിൽ അക്കര എം എൽ എ അധ്യക്ഷത വഹിക്കും. വൈകീട്ട് 5 മുതൽ സാംസ്കാരിക സദസ്സ്, ശിങ്കാരി മേളം സ്റ്റേജ് ഷോ എന്നിവയും അരങ്ങേറും. സമാപന ദിവസമായ ചൊവ്വാഴ്ച രാവിലെ 10 ന് കുടുംബശ്രീ സംഗമം, വൈകീട്ട് 5 ന് സമാപന സമ്മേളനം, രാത്രി ഏഴിന് തുടിതാളം നാടൻപാട്ട് എന്നിവയുമാകും.

## കുടുംബശ്രീ 2020-21 വർഷത്തെ പട്ടികവർഗ ക്യാമ്പയിന് തുടക്കമായി

കുടുംബശ്രീ 2020-21 പദ്ധതി വർഷത്തെ പട്ടിക വർഗ ക്യാമ്പയിന് തുടക്കമായി. വാഴച്ചാൽ കമ്മ്യൂണിറ്റി ഹാളിൽ നടന്ന ക്യാമ്പയിൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗീസ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ അതിരപ്പിള്ളി, പുത്തൂർ, വരന്തരപ്പിള്ളി, മാത്തൂർ എന്നീ പഞ്ചായത്തുകളിലെ റിസോഴ്സ് മാപ്പിംഗ്, ആവശ്യകത പഠനം എന്നിവയുടെ അവലോകന യോഗമാണ് ചേർന്നത്. പഞ്ചായത്ത് മെമ്പർ ചന്ദ്രിക ഷിബു അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ ട്രൈബൽ ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ട്രൈബൽ ക്യാമ്പയിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ 56പട്ടിക വർഗ ഊരുകളിലും വാർഷിക പദ്ധതിക്ക് മുന്നോടിയായി ക്യാമ്പയിൻ സംഘടിപ്പിക്കും.

ഡെപ്യൂട്ടി റേഞ്ച് ഓഫീസർ അനൂപ്, ഊരു മൂപ്പത്തി ഗീത, ട്രൈബൽ പ്രോഗ്രാം മാനേജർ വിജയ് കൃഷ്ണൻ, കുടുംബശ്രീ അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർ കെ രാധാകൃഷ്ണൻ, അതിരപ്പിള്ളി സി ഡി എസ് ചെയർപേഴ്സൺ രമ്യ വിനു, കുടുംബശ്രീ ജില്ലാ മിഷൻ ടീം അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## കാലാവസ്ഥ വ്യതിയാനം അറിയാൻ ക്ലൈമറ്റ് കണക്ട് പദ്ധതി

ജില്ലയിൽ കാലാവസ്ഥ വ്യതിയാനം അറിയുന്നതിനും ജലസുരക്ഷ ഉറപ്പുവരുത്തുന്നതിനും ക്ലൈമറ്റ് കണക്ട് എന്ന പേരിൽ പദ്ധതി തയ്യാറാക്കുന്നു. ഇതിന്റെ ഭാഗമായി ജില്ലാ കളക്ടറേറ്റിലെ ദുരന്ത നിവാരണ വിഭാഗത്തിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തും. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുൻ ജില്ലാ കളക്ടർ വി കെ ബേബി, കാർഷിക സർവകലാശാല ഉദ്യോഗസ്ഥർ, കാലാവസ്ഥ വിദഗ്ധർ, സാമ്പത്തിക വകുപ്പ് മേധാവികൾ, മറ്റ് വകുപ്പുതല മേധാവികൾ എന്നിവർ പങ്കെടുത്തു.

പ്രളയം പോലുള്ള ദുരന്തങ്ങൾ മുൻകൂട്ടി അറിയുക, മറ്റ് കാലാവസ്ഥ വ്യതിയാനങ്ങൾ അറിയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി കൃഷി, ഫിഷറീസ്, കോൾമേഖല,

പക്ഷി നിരീക്ഷണ വിഭാഗം എന്നിവയെ പ്രധാനമായും ഉപയോഗപ്പെടുത്തും. ഇതോടൊപ്പം കർഷകരിൽ നിന്നും മറ്റും പരമ്പരാഗത അറിവുകളും ശേഖരിക്കും. മഴയുടെ തോത് കത്തെൽ, മഴക്കുറവ് കണക്കെടുപ്പ് എന്നിവയും വ്യത്യസ്ത മേഖലകളിൽ നിന്ന് ലഭ്യമാക്കും. ഇതിലൂടെ ജലസംരക്ഷണത്തിനും ഊന്നൽ നൽകും.

വ്യത്യസ്ത മേഖലകളിൽ നിന്നുള്ള കാലാവസ്ഥ റിപ്പോർട്ടുകൾ അറിയുന്നതിന് മൊബൈൽ ആപ്പ് സംവിധാനവും തയ്യാറാക്കും. ഇതിലൂടെ കാലാവസ്ഥ വ്യതിയാനം മനസ്സിലാക്കാനാകുമെന്നാണ് കണക്കുകൂട്ടൽ. ഓരോ മേഖലയിൽ നിന്നും പ്രാദേശികമായി സിറ്റിസൺ സൈന്റിസ്റ്റുകൾക്ക് പരിശീലനം നൽകിയും കാലാവസ്ഥ വ്യതിയാനം അറിയുന്നതിന് പര്യാപ്തമാക്കും.

കാലാവസ്ഥയ്ക്കനുസരിച്ച് മഴ പെയ്യുന്നതിന്റെ വിവരങ്ങൾ ഓരോ മേഖലയിൽ നിന്നും മൊബൈൽ ആപ്പ് വഴി ജില്ലാ ആസ്ഥാനത്തെ സെന്ററിൽ ലഭ്യമാകും. അതിനാൽ തന്നെ വെള്ളക്കെട്ടുാകുന്ന ഭാഗം, വെള്ളം കയറുന്ന പ്രദേശങ്ങൾ എന്നിവയുടെ വിവരങ്ങൾ കൈമാറാനാകും. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ചേക്കേറുന്ന പക്ഷികൾ, തുമ്പികൾ എന്നിവയെയും ഓരോ വർഷവും വിവര ശേഖരണത്തിനായി ഉപയോഗപ്പെടുത്തും.

## കോർപ്പറേഷൻ സ്ഥിരം സമിതി തെരഞ്ഞെടുപ്പ് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു

തൃശൂർ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേയ്ക്ക് മത്സരിക്കുന്ന ദീപ എസ് നായർ കളക്ട്രേറ്റിലെത്തി നാമനിർദേശ പത്രിക സമർപ്പിച്ചു. വരണാധികാരിയായ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് റെജി പി ജോസഫിനാണ് പത്രിക സമർപ്പിച്ചത്. നിലവിൽ ജില്ലാ പഞ്ചായത്ത് അംഗം കൂടിയായ ദീപ സിപിഐ പ്രതിനിധിയാണ്. തിരുവില്വാമല ഡിവിഷൻ നമ്പർ അഞ്ചിൽ നിന്നാണ് ഇവർ മത്സരിക്കുന്നത്. നിലവിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്ത് ഒഴിവ് വന്നതിനെ തുടർന്നാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. തെരഞ്ഞെടുപ്പ് ഇന്ന്(ഡിസം 27) നടക്കും.